മരാമത്ത് വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ

78 [3252] ശ്രീ. കുട്ടി അഹമ്മദ് കുട്ടി:
„ പി. കെ. അബ്ദുറബ്ബ്:
„ സി. മോയിൻകുട്ടി:
„ ഇസ്ഹാക് കുരിക്കൾ:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നടന്നുവരുന്ന കമ്പ്യൂട്ടറൈസേഷൻ ഏത് ചീഫ് എഞ്ചിനീയറുടെ ചുമതലയാണ്;

(ബി) നാളിതുവരെ ഇതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(സി) കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി വകുപ്പിലെ ഭരണവിഭാഗത്തിനും സാങ്കേതിക വിഭാഗത്തിനും ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയർ (റോഡ്സ് ആന്റ് ബ്രിഡ്ജസ്) ആന്റ് ഇൻഫർമേഷൻ ടെക്നോളജി

(ബി) 80,31,946 രൂപ.

(സി) കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി റോഡ്സ് ആന്റ് ബ്രിഡ്ജസ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിലവിൽ വന്ന ഫയൽ ട്രാക്കിംഗ് സംവിധാനം പ്രയോജനപ്പെടുത്തി ഫയലുകളിൽ തീർപ്പു കൽപ്പിക്കുന്നതിനുള്ള കാലതാമസം ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനു പുറമേ പൊതുമരാമത്ത് വകുപ്പ് ഓഫീസുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള നെറ്റ്വർക്കിംഗ് സംവിധാനത്തിലൂടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉടനടി എല്ലാ ഓഫീസുകൾക്കും ലഭ്യമാക്കുന്നതോടൊപ്പം പദ്ധതി അവലോകനത്തിനും ഈ സംവിധാനം ഉപയോഗിച്ചുവരുന്നു. ഇതുമൂലം വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

വിവിധ വകുപ്പുകളിൽ വാങ്ങിയ ഫർണീച്ചർ

79 [3253] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ 2000 മുതലുള്ള ഓരോ സാമ്പത്തിക വർഷവും എന്തു തുകയ്ക്കുള്ള ഫർണീച്ചർ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly